# അക്കാദമിക് മാസ്റ്റർപ്ലാൻ

## 2025-26

# എ യു പി സ്കൂൾ കുറ്റാനശ്ശേരി



# സ്കൂൾ വിവരങ്ങൾ

| | |
|---|---|
| പേര് | : എ . യു . പി .എസ്  കുറ്റാനശ്ശേരി |
| പഞ്ചായത്ത് | : വെള്ളിനേഴി |
| വിദ്യാഭ്യാസ ജില്ല | : മണ്ണാർക്കാട് |
| വിദ്യാഭ്യാസ ഉപജില്ല | : ചെർപ്പുളശ്ശേരി |
| ഹെഡ്മിസ്ട്രസ് | : രാജലക്ഷ്മി |
| ഇമെയിൽ | :aupskty@gmail.com |
| സ്കൂൾ കോഡ് | : 20358 |
| താലൂക് | : ഒറ്റപ്പാലം |
| ജില്ല | : പാലക്കാട് |
| മാനേജർ | : പ്രശോഭ |
| ഫോൺ നമ്പർ | : 7510755333 |

# ആമുഖം

“സ്വാതന്ത്ര്യത്തിലേക്കുള്ള സുവർണ്ണ വാതിലുകൾ തുറക്കാനുള്ള താക്കോലാണ് വിദ്യാഭ്യാസം” - ജോർജ് വാഷിംഗ്ടൺ

കലയും കലപ്പയും തിറയും തുമ്പിതുള്ളലും ഉഴുതുമറിച്ച വെള്ളിനേഴിയുടെ സാംസ്കാരിക ഭൂമികയിൽ അതിന്റെ എല്ലാ പ്രതാപവും ആവാഹിച്ച കുറ്റാനശ്ശേരിയിൽ അറിവിന്റേയും ആധുനിക വിജ്ഞാനത്തിന്റെയും ലോകത്തേക്ക് പുതിയ കാൽവെപ്പ്, അതാണ് സാർവദേശീയ മികവിൽ അണിയിച്ചൊരുക്കുന്ന കുറ്റാനശ്ശേരി എ. യു .പി സ്കൂൾ. സ്വാതന്ത്ര്യപൂർവ കാലഘട്ടത്തിൽ വള്ളുവനാടിന്റെ സാംസ്കാരിക  പാരമ്പര്യത്തിന്റെ നിറകുടമായിരുന്ന വെള്ളിനേഴിയും കുറ്റാനശ്ശേരിയും അടങ്ങുന്ന ഉൾനാടൻ ഗ്രാമങ്ങൾ. കഥകളിയുടെ വിളനിലമായിരുന്ന ഈ പ്രദേശം മഹാന്മാരായ ഒരുപാട് കലാകാരന്മാരെ കേരളത്തിന് സംഭാവന ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലയിലെ കലാഗ്രാമമായ വെള്ളിനേഴിയോട് ചേർന്ന് കുന്തിപ്പുഴയുടെ കുളിർമ നുകർന്ന് വിശാലമായ നെൽപ്പാടങ്ങളും ഗർഭത്തിലേറ്റിയ കുറ്റാനശ്ശേരി ബഹുഭൂരിപക്ഷം വരുന്ന കർഷകരും കർഷകത്തൊഴിലാളികളും മറ്റു നിർമ്മാണ തൊഴിലാളികളും കഴിഞ്ഞ് ജീവിക്കുന്ന പ്രദേശമാണ്. ഭൂപ്രദേശം കലാപരമായും സാംസ്കാരികമായും നിറഞ്ഞുനിൽക്കുമ്പോഴും വൈജ്ഞാനീയ മേഖലയിൽ കുറ്റാനശ്ശേരിയുടെ പെരുമ എഴുത്ത് പള്ളിക്കൂടങ്ങളിൽ ഒതുങ്ങി നിന്നു. ഒരു വിദ്യാലയം എന്നത് അവർക്ക് അന്നും ഒരു സ്വപ്നം മാത്രമായിരുന്നു.

കുറ്റാനശ്ശേരിയിലെ ആദ്യകാല അധ്യാപകരിൽ ഒരാളായ കിഴക്കേപ്പാട്ട് പത്മനാഭമേനോൻ എന്ന മഹത് വ്യക്തിയുടെ ആശയത്തിൽ നിന്നാണ് കുറ്റാനശ്ശേരിക്ക് ഒരു വിദ്യാലയം എന്ന സ്വപ്നത്തിന് അടിത്തറയിട്ടത്. വർഷങ്ങളോളം അന്ന് ആരംഭിച്ച എൽ പി സ്കൂളിൽ നിന്നും അറിവിന്റെ അക്ഷരവെളിച്ചം നുകർന്നത് ഒട്ടേറെ കുരുന്നുകൾ. പക്ഷെ ഒരു മഴക്കാലത്ത് ആ സ്കൂളും കെട്ടിടവും ഒരു ദുരന്തഭൂമികയായി. അങ്ങനെ കുറ്റാനശ്ശേരിക്കാരുടെ പഠന സ്വപ്നങ്ങളും പാഴ് കിനാവുകളായി . ലോകം കണ്ട മനുഷ്യസ്നേഹിയും മഹാനുമായ ശ്രീ ഒളപ്പമണ്ണ നീലകണ്ഠൻ നമ്പൂതിരിപ്പാടിന്റെ വിശാല

മനസ്സിൽ സ്കൂളിന് ആവശ്യമായ സ്ഥലവും ഒരു കെട്ടിടവും നിർമ്മിച്ചു നൽകുകയും പിന്നീട് യു പി സ്കൂൾ നിലവാരത്തിലേക്ക് ഉയർത്തപ്പെടുകയും ചെയ്തു. മാറിമാറിവന്ന മാനേജ്മെന്റ് വേണ്ടത്ര ശ്രദ്ധ നൽകാത്തതിനാലും മറ്റും 500 ൽ അധികം ഉണ്ടായിരുന്ന കുട്ടികളുടെ എണ്ണം 180 ൽ താഴെയായി. ചോർന്നൊലിക്കാത്ത ഒരു കെട്ടിടവും അത്യാവശ്യ സൗകര്യങ്ങൾ അടങ്ങിയ ക്ലാസ് മുറികളും ഉള്ള ഒരു സ്കൂൾ കുറ്റാനശ്ശേരിക്കാർക്ക് വീണ്ടും ഒരു സ്വപ്നമായി. കുട്ടികൾക്ക് വേണ്ടത്ര ശ്രദ്ധ നൽകിയതിനാൽ , LSS USS മത്സര പരീക്ഷകൾ, കലാകായിക മത്സരങ്ങൾ എന്നിവയിൽ കുറ്റാനശ്ശേരി സ്കൂളിന്റെ പേര് സബ്ജില്ലാതലങ്ങളിൽ സ്ഥാനം പിടിച്ചിരുന്നു.

2021 ഈ സ്കൂളിന്റെ ഒരു ഉയർത്തെഴുന്നേൽപ്പ് കാലഘട്ടമായിരുന്നു. ശ്രീ മുരളി വളാംകുളം എന്ന വിശാലഹൃദയൻ സ്കൂൾ ഏറ്റെടുക്കുകയും തുടർന്നുണ്ടായ സ്കൂളിന്റെ വളർച്ച അവിശ്വസനീയമായിരുന്നു. 10 മാസം കൊണ്ട് പഴയകാലത്തിന്റെ അവശേഷിപ്പുകൾ ഒന്നും തന്നെ ഇല്ലാതെ പുതിയ കെട്ടിടം നിർമ്മിച്ചു. ഇന്റർനെറ്റ് കണക്ഷനും പ്രൊജക്ടർ സംവിധാനവും ഉൾപ്പെട്ട 21 അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ക്ലാസ് മുറികൾ നിർമ്മിക്കുകയും ചെയ്തു. കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ശുചിമുറികളും നിർമിച്ചിട്ടുണ്ട്. വിശാലമായ സ്റ്റോറൂമും അടുക്കളയും ഭക്ഷണശാലയും സജ്ജീകരിച്ചിട്ടുണ്ട്. മഹാന്മാരുടെ ചിത്രങ്ങൾ ആലേഖനം ചെയ്ത ചുമരുകൾ സ്കൂൾ കെട്ടിടത്തിന്റെ ഭംഗി വർധിപ്പിച്ചു. വിവരസാങ്കേതികവിദ്യയുടെ നൂതന ആശയങ്ങൾ കുട്ടികൾക്ക് പകർന്നു നൽകുന്നതിനുവേണ്ടി ആധുനിക രീതിയിൽ സജ്ജീകരിച്ച കമ്പ്യൂട്ടർ ലാബുകളും തയ്യാറാക്കിയിട്ടുണ്ട്. ഭൗതികസാഹചര്യവും മികച്ച അധ്യാപകരുടെ സേവനവും കുട്ടികളുടെ എണ്ണം ഉയർത്താൻ കാരണമായി. പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനവും സ്കൂളിന്റെ എൺപത്തിരണ്ടാം വാർഷികവും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ ശിവൻകുട്ടി അവർകൾ നിർവഹിച്ചു.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും കായികരംഗത്തും ഒരുപോലെ മികവ് വർധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു.

# കുറ്റാനാശ്ശേരി എ യു പി സ്കൂൾ






# ലക്ഷ്യങ്ങൾ

1. സ്കൂളിന്റെ അക്കാദമികവും, ഭൗതികവുമായ സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ

2. പാഠ പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവതാല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ

3.അധ്യാപനവും, അധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന്
ഉപകരിക്കുന്ന വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തലും നടപ്പിലാക്കലും

4. വിവിധ മത്സരപരീക്ഷകളിൽ ഉന്നത വിജയം നേടാൻ കുട്ടികള പ്രാപ്തരാക്കൽ

5. കുട്ടികളിൽ അച്ചടക്കം,മൂല്യാവബോധം എന്നിവ സൃഷ്ടിക്കൽ

6. കലാകായികപരമായി എല്ലാ കുട്ടികൾക്കും അവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള അവസരം നൽകൽ

7. ശാരീരികവും മാനസികവുമായ ആരോഗ്യമുള്ള ഒരു തലമുറയെ സൃഷ്ടിക്കൽ

8. കൃഷി, പരിസ്ഥി സംരക്ഷണം, മാലിന്യ നിർമാർജ്ജനം എന്നിവയിൽ
കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കൽ

9. സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്താൻ കുട്ടികളെ പ്രാപ്തരാക്കുക

10. ഉന്നത നിലവാരമുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ

# അദ്ധ്യാപകരും വിവരങ്ങളും
# 2024-2025



| അദ്ധ്യാപകന്റെ പേര് | സബ്ജെക്ക് കൗൺസിൽ |
|---|---|
| രാജലക്ഷ്മി | HM |
| ഗിരിവാസൻ | USS ചാർജ് |
| ശോഭന | സ്റ്റാഫ് സെക്രട്ടറി |
| ധന്യ | 4 th ക്ലാസ് കൺവീനർ |
| രവികുമാർ | സംസ്കൃതം |
| ലത | മലയാളം കൺവീനർ |
| രാമദാസൻ | Noon Meal Charge |
| ഗംഗ | ഹിന്ദി കൺവീനർ |

| | |
|---|---|
| ഷവിജ | KG ഇൻ ചാർജ് |
| ഷിത | സയൻസ് കൺവീനർ |
| മുദ്ദൽ | scout ചാർജ് |
| മഞ്ജുഷ | SRG |
| രാജി | Guide ചാർജ് |
| അശ്വതി | 3 rd ക്ലാസ് കൺവീനർ |
| ദിവ്യ | LP പഠന പിന്നോക്കം ചാർജ് |
| ബിജി | LPST |
| സുനിത | LPST |
| ആദിൽ | LPST |
| മുനവിർ | ഉറുദ്ദ |
| ഫസീല | UP അറബിക് |
| സുനിത | ഹിന്ദി |
| രാജേഷ് | UP മാത്സ് |
| അശ്വതി | UP സയൻസ് |
| ഷബാന | UP പഠന പിന്നോക്കം ചാർജ് |
| ഇഷ | 1 st ക്ലാസ് കൺവീനർ |
| സ്വാതി | LSS ചാർജ് |
| അജിത | ഇംഗ്ലീഷ് കൺവീനർ |
| ദീപ്തി | UP സയൻസ് |
| ഷമീറ | UP സയൻസ് |
| ആതിര | മാത്സ് കൺവീനർ |
| വീണ | UP സോഷ്യൽ |
| വിജിത | സോഷ്യൽ കൺവീനർ |
| സിജി | UP ഇംഗ്ലീഷ് |
| അർച്ചന | UP ഇംഗ്ലീഷ് |
| റിസ്വാന | LP അറബിക് |
| അസ്മിന | LPST |

# നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ

| വിഭാഗം | നിലവിലുള്ളത് |
|---|---|
| ക്ലാസ്മുറി | 41 |
| ആൺകുട്ടികളുടെ ടോയ്‌ലറ്റ് | 20 |
| പെൺകുട്ടികളുടെ  ടോയ്‌ലറ്റ് | 20 |
| കിണർ | 2 |
| ലൈബ്രറി | 1 |
| ചുറ്റുമതിൽ | 1 |
| കളിസ്ഥലം | 1 |
| അടുക്കള | 1 |
| കമ്പ്യൂട്ടർ ലാബ് | 1 |
| വിഷയലാബുകൾ | 1 |
| ലാപ്ടോപ്പ് | 24 |
| പ്രൊജക്ടർ | 30 |
| സ്മാർട്ട് ടി വി | 4 |
| സൗണ്ട് സിസ്റ്റം | 3 |
| സ്റ്റേജ് | 1 |
| റീഡിങ് റൂം | 1 |
| സ്പോർട്സ് റൂം | 1 |
| സ്റ്റോർ റൂം | 1 |
| സ്കൂൾ ബസ് | 9 |
| ഓഡിറ്റോറിയം ഹാൾ | 1 |

# മറ്റു ഐ സി ടി സാധ്യതകൾ

AI- Robot
സ്മാർട്ട് ക്ലാസ് റൂം
ഇമെയിൽ
യൂട്യൂബ് ചാനൽ
ഇന്റർനെറ്റ്
ബ്ലോഗ്
ഫേസ് ബുക്ക്
ഇൻസ്റ്റാഗ്രാം

# നേട്ടങ്ങൾ പരിമിതികൾ

## നേട്ടങ്ങൾ

- ലോകോത്തര സ്കൂളുകളോട് കിടപിടിക്കുന്ന ഭൗതിക സാഹചര്യങ്ങളോടു കൂടി, 40 മുറികളോടു കൂടി പുതിയ സ്കൂൾ കെട്ടിടം നിർമ്മിച്ചു.

- എല്ലാ ക്ലാസ്സുകളിലും പ്രൊജക്ടറുകളും എ .സിയും ഘടിപ്പിച്ചു.

- വളരെ വിശാലവും സൗകര്യപ്രദവുമായ സ്കൂൾ മുറ്റം , സ്കൂൾ ഗ്രൗണ്ട്, ഓഡിറ്റോറിയം എന്നിവ നിർമ്മിച്ചു.

- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം, പ്രത്യേകം20 ടോയ്‌ലെറ്റുകൾ വീതം നിർമ്മിച്ചു.
- പുതിയ അടുക്കള നിർമ്മിച്ചു

- കുട്ടികളുടെ യാത്രാ സൗകര്യം മുൻനിർത്തി എല്ലാ ഭാഗങ്ങളിലേക്കും ബസ്സുകൾ ക്രമീകരിച്ചു. 3 സ്കൂൾ ബസ്സുകളിൽ നിന്ന് 9 ബസ്സുകളിലേക്ക് യാത്രാ സ്വകര്യം വളർന്നു.

- 40 കുട്ടികൾക്ക് ഒരേ സമയം പഠിക്കാവുന്ന രീതിയിൽ 20 ലാപ്‌ടോപ്പുകളോടുകൂടി പുതിയ കമ്പ്യൂട്ടർ ലാബ് പ്രവർത്തനം ആരംഭിച്ചു.

- കുട്ടികളിൽ പൊതുവിജ്ഞാനം വളർത്താനായി ഓരോ ദിവസവും പത്രവാർത്തകൾ ശേഖരിച്ച് കുട്ടികൾ പഠിക്കുകയും, ഓരോ മാസവും പത്രവാർത്ത ക്വിസ് ക്ലാസ്സ് തലം, സ്കൂൾ തലം സംഘടിപ്പിച്ച് വിജയികളെ കണ്ടെത്തുകയും ചെയ്തു.

- എല്ലാ മാസാവസാനവും ക്ലാസ്സ് പരീക്ഷകൾ നടത്തി കുട്ടികളുടെ അക്കാദമിക നിലവാരം പരിശോധിച്ച് ഉറപ്പുവരുത്തി.

◆ പഠനപിന്നാക്കം നിൽക്കുന്ന കുട്ടികൾക്കുള്ള കൈത്താങ്ങായി 'പ്രതീക്ഷ' എന്ന പേരിൽ സ്കൂളിലെ മുഴുവൻ ടീച്ചർമാരുടെയും സഹായത്തോടെ ക്ലാസ്സുകൾ സംഘപ്പിച്ചു.

◆ സയൻസ് പഠനത്തിന്റെ ഭാഗമായി ശിൽപശാല സംഘടിപ്പിച്ചു.

◆ കുട്ടികളിൽ പോഷകാഹാരലഭ്യത ഉറപ്പാക്കുന്നതിനായി ഉച്ച ഭക്ഷണ പദ്ധതിയിൽ വൈവിധ്യം പുലർത്തി

◆ KG, LP, UP ക്ലാസ്സുകളിൽ ഭക്ഷണ വൈവിധ്യം തിരിച്ചറിയുക, നാടൻ ഭക്ഷണങ്ങളെ പരിചയപ്പെടുത്തുക, ജങ്ക് ഫുഡുകൾ ഒഴിവാക്കുക,ആരോഗ്യം നിലനിർത്തുക എന്നീ ലക്ഷ്യങ്ങളോടെ ഫുഡ് ഫെസ്റ്റിവലുകൾ രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ നടത്തി.

◆ ഓരോ കുട്ടിക്കും തന്റെ കഴിവുകൾ പരമാവധി പ്രദർശിപ്പിക്കുന്നതിനും , ജീവിതത്തിലെ ഏറ്റവും നിറമാർന്ന ഓർമ്മകളിൽ സൂക്ഷിച്ചു വയ്ക്കുന്നതിന് ഉതകുന്ന തരത്തിൽ എല്ലാ ദിനാചരണങ്ങളും വ്യത്യസ്തതയോടെ, വർണ്ണാഭമായി, കുട്ടികളുടെയും, രക്ഷിതാക്കളുടെയും പങ്കാളിത്തത്തോടെ ആഘോഷിച്ചു.

◆ പരമാവധി കുട്ടികളുടെ പങ്കാളിത്തത്തോടെ ക്ലാസ്സ് തല , സ്കൂൾതല മേളകൾ, കലോത്സവം, കായികമേള എന്നിവ സംഘടിപ്പിച്ചു. സ്കൂൾതല വിജയികൾക്ക് ഉപജില്ലാ മേളകളിൽ പങ്കെടുക്കുന്നതിന് അവസരം നൽകി.

◆ ഉപജില്ലാ മേളകളിൽ വൻ നേട്ടങ്ങളാണ് നമ്മുടെ സ്കൂൾ നേടിയത്.

സാമൂഹ്യശാസ്ത്രമേളയിൽ രണ്ടാം സ്ഥാനം നേടി. മറ്റുള്ള മേളകളിൽ മികച്ച പോയിന്റ് നിലവാരത്തോടെ പട്ടികയിൽ ഇടം പിടിച്ചു.

◆ ഉപജില്ലാ കലോത്സവത്തിൽ യു.പി വിഭാഗത്തിൽ ഒന്നാം സ്ഥാനവും നേടി. സംസ്കൃതം കലോത്സവത്തിൽ 76

പോയിന്റോടെ മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ കഴിഞ്ഞു. അറബിക്, ഉറുദു കലോത്സവത്തിൽ മികച്ച പ്രകടനമാണ് നമ്മുടെ കുട്ടികൾ കാഴ്ചവച്ചത്.

- ഉപജില്ല കലോത്സവത്തിൽ മലയാളം, ഇംഗ്ലീഷ് നാടകങ്ങൾക്ക് ഫസ്റ്റ് കിട്ടി.മികച്ച നടിയായി നമ്മുടെ സ്കൂളിലെ വിദ്യാർത്ഥിയായ സെഹ്റ യും നടനായി സുബിനും തിരഞ്ഞെടുക്കപ്പെട്ടു.

- മത്സര പരീക്ഷളായ MTSE, NUMATHS, LSS, USS, സംസ്കൃതം, അറബിക്, ഉറുദു സ്കോളർഷിപ്പുകൾ എന്നിവക്കുവേണ്ടി കുട്ടികൾക്ക് മികച്ച പരിശീലനം നൽകി

- MTSE സംസ്ഥാന തല സ്കോളർഷിപ് UKG വിദ്യാർത്ഥിയായ ADHVIKA , LP വിദ്യാർത്ഥിയായ Nipun, UP വിദ്യാർത്ഥിയായ Navaneeth നേടി.
- 4 LP വിദ്യാർത്ഥികളും, 2 UP വിദ്യാർത്ഥികളും സംസ്കൃതം സ്കോളർഷിപ് നേടി.

- LSS, USS വിദ്യാർത്ഥികൾക്കും, രക്ഷിതാക്കൾക്കും മോട്ടിവേഷൻ ക്ലാസ്സുകൾ, സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഉതകുന്ന തരത്തിൽ വ്യക്തിത്വവികസന ക്ലാസ്സുകൾ എന്നിവ സംഘടിപ്പിച്ചു.

- 7 കുട്ടികൾ LSS നേടി 14 കുട്ടികൾ USS നേടി

- ALLAMA IQBAL TALENT TEST പങ്കെടുത്ത 6 വിദ്യാർത്ഥിക ളും സംസ്ഥാനതല വിജയികളായി

- യു.പി ക്ലാസ്സുകളിലെ കുട്ടികൾക്ക് സ്കൗട്ട് ആന്റ് ഗൈഡും, എൽ പി ക്ലാസ്സുകളിലെ കുട്ടികൾക്ക് കബ്സ് ആന്റ് ബുൾബുളും നടത്തി.

- എൽ പി ക്ലാസ്സുകളിലെ കുട്ടികളുടെ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ശിൽപശാലകൾ സംഘടിപ്പിച്ചു.

- കരാട്ടെ, വൃഷു, അബാക്കസ് ക്ലാസ്സുകൾ വളരെ ഫലപ്രദമായി വർഷം മുഴുവനും നടത്തി.

- മതസൗഹാർദ്ദം ഊട്ടിയുറപ്പിക്കാൻ ഇഫ്താർ വിരുന്ന് സംഘടിപ്പിച്ചു.

- സ്കൂളിലെ ഓണാഘോഷവും ക്രിസ്തുമസും, ഇഫ്താർ വിരുന്നും എല്ലാംതന്നെ മതസൗഹാർദ്ധം പങ്കിടുന്നതിനുള്ള വേദിയായി.കുട്ടികളുടെ കലാപരിപാടികൾ ഇവക്ക് നിറം നൽകി

- സീഡ് ക്ലബ്ബിന്റെ നേതൃത്വത്തിൽ നടന്ന നെൽകൃഷിക്കും, ശലഭോദ്യാന നിർമാണ പ്രവർത്തനങ്ങൾ ക്കും മറ്റു പ്രവർത്തനങ്ങൾക്കും ജില്ലയിലെ ഹരിതജ്യോതി പ്രശംസ പത്രത്തിന് അർഹരായി

- ശ്രീകൃഷ്ണപുരം ഹയർ സെക്കന്ററി സ്കൂളിലെ NSS യൂണിറ്റിന്റെ സപ്ത ദിന ക്യാമ്പിന് ഡിസംബറിൽ വേദിയായി

- ശാസ്ത്ര വിഷയങ്ങളിൽ അറിവ് നിർമ്മാണം അന്വേഷണാത്മകമായും നിരീക്ഷിച്ചും സായുധമാക്കുക എന്നതിൽ പൂർണ്ണത കൈവരിക്കാൻ  ശാസ്ത്ര ലാബ് കൊണ്ട് സാധിച്ചു.

- സ്കൂൾ ലൈബ്രറി പ്രവർത്തനം ആരംഭിച്ചു.

- സ്കൂളിലെ മുഴുവൻ കുട്ടികൾക്കും പങ്കെടുക്കാനും അവരുടെ അക്കാദമികമികവ് പ്രകടിപ്പിക്കാനും പഠനോത്സവത്തിലൂടെ കഴിഞ്ഞു.

## പരിമിതികൾ

**അക്കാദമികം**

* മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠന നേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല.
* ഡിജിറ്റൽ ക്ലാസുകളിൽ ഡിജിറ്റൽ സംവിധാനം ഉപയോഗിച്ചുള്ള പഠനം പൂർണമായും സാധ്യമാകുന്നില്ല.
* കുറഞ്ഞ ശതമാനം കുട്ടികൾക്കെങ്കിലും അടിസ്ഥാനശേഷികൾ കൈവരിക്കാൻ സാധിക്കുന്നില്ല.
* പ്രാദേശിക വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.
* പഠന പ്രവർത്തനങ്ങളുടെ ഭാഗമായി ക്ലബ്ബ് പ്രവർത്തനങ്ങൾ പൂർണമായും നടക്കുന്നില്ല.
* കുട്ടികളുടെ പഠന പിന്നോക്കാവസ്ഥയിൽ നിന്നും മാറുന്നതിന് ആവശ്യമായ കൗൺസിലിംഗ്/ ഗൈഡൻസ് അഭാവം.
* കുട്ടികൾക്ക് പാഠ്യപാഠേതര  പ്രവർത്തനങ്ങൾ ഒറ്റയ്ക്ക് ഏറ്റെടുത്തു നടത്താനുള്ള ധൈര്യക്കുറവ്.

**ഭൗതികം**

* റിസോഴ്സ് റൂമുകളുടെ അഭാവം.
* ക്ലാസ് ലൈബ്രറി ശാസ്ത്രമൂല എന്നിവയ്ക്കുള്ള സൗകര്യക്കുറവ്.
* പ്രഭാത ഭക്ഷണം കഴിക്കാതെ കുട്ടികൾ ക്ലാസിൽ എത്തുന്നു.
* ഭാഷ ലാബ് ഇല്ല.
* വിദ്യാലയം ഒരു പാഠപുസ്തകം എന്ന അവസ്ഥ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.
* ഉച്ചഭക്ഷണം മാലിന്യ സംസ്കരണ സംവിധാനം ഇല്ല.
* ടാലന്റ് ലാബ് പ്രവർത്തനങ്ങളുടെ അഭാവം.
* തണൽ മരങ്ങളുടെ കുറവ്.
* കരാട്ടെ അബാക്കസ് ഇവയുടെ പരിശീലനത്തിന് പ്രത്യേക സൗകര്യങ്ങൾ ഇല്ലാത്തതിന്റെ കുറവ്.

**സാമൂഹികം**

* ഭിന്നശേഷി സംവരണങ്ങൾ നിയമപരിരക്ഷ എന്നിവയെക്കുറിച്ച് വ്യക്തമായ ധാരണക്കുറവ്.
* പൂർവ്വ വിദ്യാർത്ഥി സംഘടന രൂപീകരിച്ചിട്ടില്ല.
* വിദ്യാലയത്തിലെ പുരോഗമന പ്രവർത്തനങ്ങൾക്ക് സാമൂഹ്യപങ്കാളിത്ത കുറവ് അനുഭവപ്പെടുന്നു.
* എസ് എം സി രൂപീകരണം കാര്യക്ഷമമായി നടന്നിട്ടില്ല.
* കലാകായിക പ്രവർത്തനങ്ങൾ സംബന്ധിച്ച് ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിൽ വികസിച്ചിട്ടില്ല.

## അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ (ഒറ്റനോട്ടത്തിൽ )

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് പഠന പരിപോഷണം
- വായന പരിപോഷണം
- ലൈബ്രറി ശാക്തീകരണം
- ശാസ്ത്ര ലാബ് സജ്ജീകരണം
- പഠനയാത്രകൾ
- സെമിനാറുകൾ
- ഗണിതലാബ് ഗണിതാന്തരീക്ഷം ഒരുക്കൽ
- ദിനാചരണം
- പോഷകാഹാര പരിപാടികൾ
- ഒറിഗാമി ശിൽപശാല
- ഐ ടി പരിശീലനം
- സ്കോളർഷിപ്പ് പരീക്ഷ പരിശീലനം
- ഗവേഷണാത്മക പഠനം
- കായികശേഷി വികസനം
- ക്ലാസ് പി ടി എ കാര്യക്ഷമമാക്കൽ
- മാസാവസാന പരീക്ഷകൾ ,നിരന്തരവിലയിരുത്തൽ

# വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം

# എൽ പി

# മേഖല : അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തെറ്റ് കൂടാതെ വായിക്കുവാനുള്ള കഴിവുണ്ടാക്കുന്നു . | .അക്ഷര വായന<br>.ക്ലാസ്സ് വായന<br>.ലൈബ്രറി വായന<br>.ചിത്ര വായന<br>.മാഗസിൻ വായന<br>.കഥാ വായന<br>.വായനാ മത്സരങ്ങൾ<br>.മോണിറ്ററിങ്<br>.വാക്യങ്ങൾ ഉറപ്പിക്കൽ | ജൂൺ -ജൂലൈ<br>നവംബർ -ഡിസംബർ<br>ജൂൺ -മാർച്ച് | അറബിക് ക്ലബ്<br>അറബിക് ടീച്ചർ | |
| അറബി ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാകുന്നതിന് | ഇ ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുന്നു<br>.റോൾ പ്ലേ<br>.ക്ലാസ്സ് സംഭാഷണം<br>.പദ സമ്പത്ത് വർധിപ്പിക്കൽ | ജൂൺ -മാർച്ച്<br>ജൂൺ -മാർച്ച് | | |
| അറബി ഭാഷ എഴുത്തിന്റെ പരിപോഷണം | .അക്ഷരങ്ങൾ ഉറപ്പിക്കൽ<br>.പദങ്ങൾ ഉറപ്പിക്കൽ<br>.ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>.കൂട്ടിയെഴുത്ത്<br>.അക്ഷര കാർഡ് | ആഗസ്ത് -ഫെബ്രുവരി | | |

| | | | | |
|---|---|---|---|---|
| | നിർമ്മാണം<br>.കയ്യെഴുത്ത് മാസിക<br>.ചുമർ പത്രിക നി ർമ്മാണം<br>.ചാർട്ടെ ഴുത്ത്<br>Translation<br>Malayalam to Arabic<br>Arabic to Malayalam<br>Arabic to English<br>English to Arabic | സെപ്റ്റം ബർ-മാർച്ച്<br><br><br><br><br><br><br>ഒക്ടോ ബർ-ഫെബ്രു വരി | | |

# മേഖല : സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അക്ഷരങ്ങളെ അറിയൽ | അക്ഷരപ്രദർശനം, അക്ഷരമരം (1-4) | 1വർഷം | | |
| അക്ഷര വായന | അക്ഷരങ്ങൾ ICT സാദ്ധ്യതകൾ ഉപയോഗിച്ച് ഉച്ചാരണത്തോടെ കേൾപ്പിക്കൽ (1-4) | 1വർഷം | സംസ്കൃതം ടീച്ചർ | |
| വായന | ചെറുകഥ പുസ്തകങ്ങൾ ശേഖരണം, (3,4) | 1വർഷം | | |

# മേഖല : ക്ലാസ് 1
# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികളെയും സ്വന്തമായി എഴുതാനും വായിക്കാനും ശേഷിയുള്ള വരാക്കുക | 1 സന്നദ്ധ പ്രവർത്തനങ്ങൾ<br>2 സംയുക്ത ഡയറി<br>3 പഠനോപകരണ ശില്പശാല<br><br>4 അമ്മമാർ കുട്ടിക്കഥകൾ അവതരിപ്പിക്കുന്നു<br>5 ചിഹ്നങ്ങൾ ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നൽകൽ<br><br>6 ചിത്ര കാര്യങ്ങളിലൂടെ ചെറുകാര്യങ്ങൾ കണ്ടെത്തുന്നു വായിക്കുന്നു<br><br>വായനോത്സവം സംഘടിപ്പിക്കൽ (കുഞ്ഞു വായന) | ജൂൺ<br>ജൂലൈ<br>ജൂലൈ<br><br>ആഗസ്റ്റ് - സെപ്റ്റംബർ<br><br>ഒക്ടോബർ/ നവംബർ<br><br>ജനുവരി -മാർച്ച് | ക്ലാസ് ടീച്ചർ | |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾ ഒന്നരമാന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഗണിതം ലക്ഷ്യമാക്കൽ | 1.സന്നദ്ധപ്രവർത്തനങ്ങൾ<br><br>2. ഗണിത മാഗസിൻ<br><br>3 .1-20 വളരെ സംഖ്യകൾ തിരിച്ചറിയാൻ പ്രവർത്തനങ്ങൾ ഗണിതകിറ്റ് തയ്യാറാക്കൽ<br><br>4 .സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ<br>*സങ്കലനം<br>*വ്യവകലനം (ഒരക്ക സംഖ്യകൾ)<br><br>5_ഒറ്റ സംഖ്യകൾ ഇരട്ട സംഖ്യകൾ തിരിച്ചറിയൽ<br><br>6_ജാമിതീയ രൂപ നിർമ്മാണം ശില്പശാല തമ്മിലുള്ള സംങ്കലന പ്രവർത്തനങ്ങ | ജൂൺ,ജൂലൈ<br><br>ജൂൺ - മാർച്ച്<br><br>ആഗസ്റ്റ്<br><br>സെപ്റ്റംബർ<br><br>ഒക്ടോബർ<br><br>നവംബർ<br><br>ഡിസംബർ | ക്ലാസ് ടീച്ചർ<br><br>ക്ലാസ് ടീച്ചർ<br><br>ക്ലാസ് ടീച്ചർ S | |

| | | | | |
|---|---|---|---|---|
| | ൾ<br><br>7_ സംഖ്യകൾ ആരോഹണ അവരോഹണം ക്രമത്തിൽ എഴുതൽ<br><br>8_ രക്ത സംഖ്യ രണ്ട് സംഖ്യ തമ്മിലുള്ള വ്യാവങ്കലനം<br><br>9_ സംഖ്യാ വ്യാഖ്യാനത്തിലേക്ക് കടക്കുന്നു (1_10) ഗണിത ക്വിസ്<br><br>10_ ഗണിത ആശയങ്ങൾ ഉൾപ്പെടുത്തിയ വർക്ക് ഷീറ്റുകൾ നൽകൽ സംഖ്യകളുടെ പകുതി തുല്യം തിരിച്ചറിയൽ പ്രവർത്തനങ്ങൾ സാധ്യമാക്കൽ<br><br>11_ നാണയ പ്രദർശണം | ജനുവരി<br><br>ഫെബ്രുവരി<br><br>മാർച്ച് | RG<br><br>ക്ലാസ് ടീച്ചർ<br><br>ക്ലാസ് ടീച്ചർ | |

# ഇംഗ്ലീഷ്

| Aim | Activity | Duration | | |
|---|---|---|---|---|
| Symbol word symbol sentence to speak, read and write make sure these are in the children | 1_ Provides picture card<br><br>2_ say write and familiar words<br><br>3_ enjoy songs and sings team with rhythm and action<br><br>4_ drawing competition<br><br>5_ recent Rohit simple word & simple sentence<br><br>6_ English class assembly<br><br>7_ introduce | June<br><br>July<br><br>August<br><br>September<br><br>October | Class teacher | |

| | | | | |
|---|---|---|---|---|
| | a symbol picture description | | | |
| | 8_ word chain sentence chain make words | December | | |
| | 9_ sentences make riddles | | | |
| | 10_ my small description book is being prepared | | | |
| | 11_ role play session | January | | |
| | 12_ English fest | February | | |
| | 13_ animal and birds collect pictures | | | |
| | 14_ animal and young ones collect young ones | March | | |
| | 15_ spoken English is provided | | | |

| | | | | |
|---|---|---|---|---|
| | 16_ can't read and your right simple sentences<br><br>17_ skit<br><br>18_ reads reading cards | | | |

# പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1 പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | 1_പ്രകൃതി നടത്തം<br>2_. പരിസ്ഥിതി പ്രവർത്തനങ്ങളിൽ പങ്കാളിത്തം ഉറപ്പാക്കൽ | ജൂൺ | | |
| | 3_ചുറ്റുപാടുമുള്ള സസ്യങ്ങളെ തിരിച്ചറിയൽ<br>4_ സ്കൂൾ പൂന്തോട്ടം നിർമ്മാണം | ജൂലൈ | ക്ലാസ് ടീച്ചർ | |
| | 5_തിരിച്ചറിയുന്ന ചെടികൾ നിരീക്ഷിച്ച് പ്രത്യേകതകൾ എഴുതൽ പറയൽ | ആഗസ്റ്റ് | | |
| | 6_ അടുക്കളത്തോട്ട നിർമ്മാണം | സെപ്റ്റംബർ<br>ഒക്ടോബർ | | |
| 2 ആഹാര ശീലങ്ങളും | 7_മരങ്ങൾ/ ചെടികൾ | | | |

| | | | | |
|---|---|---|---|---|
| ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ് | വ്യത്യാസം തിരിച്ചറിയൽ<br><br>8_ മണത്തിന്റെ അടിസ്ഥാനത്തിൽ പൂക്കളെ തിരിച്ചറിയൽ<br><br>1_ചെടിയുടെ ഭാഗങ്ങൾ ചിത്രീകരിക്കൽ<br><br>2_ പലഹാര പ്രദർശനം<br><br>3_ സദ്യ വിഭവങ്ങൾ പരിചയപ്പെടുത്തൽ<br><br>4_ വാഹന ആൽബം തയ്യാറാക്കൽ<br><br>5_ ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ<br><br>6_എൻറെ ആൽബം പതിപ്പ് CPTA പ്രദർശിപ്പിക്കൽ | നവംബർ<br><br>ഡിസംബർ<br><br>ജനുവരി<br><br>ഫെബ്രുവരി<br><br>മാർച്ച് | | |

# മേഖല : ക്ലാസ് 2
# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയ അവതരണ രീതിയിലൂടെ ഭാഷാ അനുഭവങ്ങൾ ഒരുക്കുക.<br><br>നേടിയ ആശയങ്ങൾ ഉൾക്കൊണ്ട് സ്വതന്ത്ര വായനക്കാരാകുക | വായന കാർഡുകൾ നൽകി ,വിവിധതരം വായനകൾക്ക് കുട്ടികൾക്ക് അവസരം ഒരുക്കുന്നു.<br><br>കുഞ്ഞ് പുസ്തകങ്ങൾ വായനവാർഡുകൾ എന്നിവ ഉപയോഗിച്ച് സ്വതന്ത്ര വായന ഉറപ്പാക്കുക.<br><br>സംയുക്ത ഡയറി - ആദ്യം കുട്ടിയും രക്ഷിതാവും ചേർന്ന് ഡയറി എഴുതൽ. പിന്നീട് ആ ഡയറി വളർന്ന് കുട്ടികളുടെ മാത്രം ഡയറിയായി മാറൽ.<br><br>* ക്ലാസ് ലൈബ്രറികൾ | ജൂൺ - മാർച്ച്<br><br>ജൂൺ - | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| | ശക്തിപ്പെടുത്തൽ.<br><br>* ക്ലാസിൽ വായനാ മത്സരങ്ങൾ സംഘടിപ്പിക്കൽ സചിത്ര നോട്ട്ബുക്ക് ഫലപ്രദമായി പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തൽ. | മാർച്ച് | | |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക. | 1. നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നങ്ങൾ അനുഭവിച്ചറിയാം സ്വയം തിരുത്താം ഐസിടി.<br>2. സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ.<br>3. വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |
| 2. ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക. | 1. പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം (ഡോക്യുമെന്ററി.)<br>2 പൂന്തോട്ടത്തിൽ കിളികൾക്ക് ദാഹജലം. | | | |

| | | | | |
|---|---|---|---|---|
| 3. കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കൽ. | 1. ക്ലാസ് തലത്തിൽ ശുചിത്വ മത്സരം, ( ക്ലാസ് റൂം, പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു.) | | | |

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആത്മവിശ്വ ാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കു വാനുള്ള അവസരം ഒരുക്കൽ. | 1. Let's talk പ്രതിഭാധനരുമായി സംവദിക്കൽ.<br>2. ഇംഗ്ലീഷ് ബാലസഭ.<br>3. ഇംഗ്ലീഷ് അസംബ്ലി മാസത്തിൽ | conducted in Every three months.<br>Once in a month.<br>Once in a month. | Class teacher | |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.. രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം , സംഖ്യകളെ വ്യാഖ്യാനിക്കാനും സങ്കലനം വ്യവകലനം പ്രശ്നാപ ഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.<br><br>2. കലണ്ടർ നോക്കി നിശ്ചിത തീയതി, ദിവസം, സംഖ്യ | * ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ.<br><br>* ഒന്നിനെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കുക.<br><br>* വില വിവരം പട്ടിക തയ്യാറാക്കൽ, അതിനനുസരിച്ച് സങ്കലന - വ്യവകലന പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ.<br><br>* കലണ്ടർ പതിപ്പ് തയ്യാറാക്കൽ.<br><br>* കറുപ്പ് ചുവപ്പ് | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| പാറ്റേൺ, സംഖ്യാ ബന്ധങ്ങൾ എന്നിവ കണ്ടെത്തുന്നു. | അക്കങ്ങൾ തിരിച്ചറിയൽ, ദിവസങ്ങളുടെ എണ്ണം കണ്ടെത്തൽ.<br><br>* കലണ്ടർ നോക്കി സംഖ്യ താരതമ്യം.<br><br>* വിവിധതരം പാറ്റേണുകൾ കണ്ടെത്തൽ | | | |

മേഖല : ക്ലാസ് 3

# പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരിസ്ഥിതി സൗഹാർദ്ദ മനോഭാവം വളർത്തിയെടുക്കുക | **പൂന്തോട്ടം ഒരുക്കാം**<br>● സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ<br>● വീട്ടിൽ പൂന്തോട്ടം ഒരുക്കാം<br><br>**ഒരു തൈ നടാം**<br>● പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ.<br>● നട്ട വൃക്ഷ തൈ പരിപാലിക്കൽ<br><br>**പോസ്റ്റർ നിർമ്മാണം**<br>പ്രകൃതി സംരക്ഷണ പോസ്റ്റർ<br>● തയ്യാറാക്കൽ.<br>പരിസരങ്ങളിൽ പതിക്കൽ.<br><br>**ദാഹജലം**<br>പൂന്തോട്ടത്തിൽ വേനൽക്കാലത്ത് | ജൂൺ – മാർച്ച്<br><br>ജൂൺ – മാർച്ച്<br><br>ജൂൺ<br><br>മാർച്ച് - മെയ് | | |

| | | | | |
|---|---|---|---|---|
| | കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം. | | | |
| ശാസ്ത്രാവബോധം വളർത്തുക | ● കണ്ടെത്താം അറിയാം ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു.<br>● കുറുപ്പ് തയ്യാറാക്കൽ.<br>● ക്യാമ്പ്<br>● മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു. | ജൂൺ, ജൂലൈ - ഓഗസ്റ്റ് | | |
| വ്യക്തിശുചിത്വവും പരിസര ശുചിത്വവും | **ദിന കൃത്യങ്ങൾ**<br>● ഓരോ ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചയിലൂടെ ഉറപ്പാക്കുന്നു.<br>● കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി | ജൂൺ – മാർച്ച് | | |

| | | | | |
|---|---|---|---|---|
| | നൽകുന്നു.<br><br>**നമ്പർ വൺ**<br>ക്ലാസ് തലത്തിൽ ശുചിത്വ മത്സരം. വ്യക്തി ശുചിത്വം, ക്ലാസ് റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു. | ജൂലൈ–മാർച്ച് | | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ● ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം.<br>● പരിശീലനം വീട്ടിനകത്തും<br>● ശാസ്ത്ര മാസികകൾ<br>● ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | ഡിസംബർ - മാർച്ച് | | |

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1-സാഹിത്യ പ്രതിഭകളെ തിരിച്ചറിയാൻ | 1-കവികളെ കുറിച്ചുള്ള ഡോക്യുമെൻററി പ്രദർശനം<br>2-പുസ്തക ശേഖരണവും പ്രദർശനവും<br>3_ ചിത്ര ഗാലറി | ജൂൺ<br>ജൂൺ - ഡിസംബർ | | |
| 2-വായനാ പരിപോഷണം | 1_പൊതുസമൂഹവുമായി ബന്ധപ്പെട്ട പുസ്തക ശേഖരണം<br>2_ വായന കളരി<br>3_ ക്ലാസ് ലൈബ്രറി വികസനം<br>4_വാർത്താ വായന മത്സരം സംഘടിപ്പിക്കൽ<br>5_വായന ക്യാമ്പുകൾ<br>6_ബാല പ്രസിദ്ധീകരണങ്ങളുടെവായന | സെപ്റ്റംബർ-മാർച്ച്<br>ജൂൺ-മാർച്ച്<br>ആഴ്ചയിൽ | | |
| 3-വളരുന്ന നിഘണ്ടു | 1_എന്റെ സ്വന്തം നിഘണ്ടു<br>2_പദസമ്പത്ത് | | | |

| | | | | |
|---|---|---|---|---|
| 4-പദസമ്പത്ത് വർദ്ധിപ്പിക്കാൻ<br><br>5_ ഒരക്ഷരം ഒരുപാട് പദങ്ങൾ<br><br>6_ക്ലബ്ബ് ശാക്തീകരണം | വർദ്ധിപ്പിക്കാൻ അക്ഷരങ്ങളുടെ സാമ്യ വ്യത്യാസങ്ങൾ തിരിച്ചറിയൽ<br><br>പദചങ്ങല പദപയറ്റ്<br><br>പതിപ്പ് നിർമ്മാണം<br><br>ദിനാചരണം | ഡിസം ബർ<br><br>ബന്ധ പ്പെട്ട ദിനങ്ങ ളിൽ | | |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രണ്ടക്ക സംഖ്യകൾ വ്യാഖ്യാനിക്കൽ, പ്രശ്നപരിഹരണം, സംഖ്യാ ബോധം | രണ്ടക്ക സംഖ്യകൾ വായിക്കാനും എഴുതാനും വേണ്ട പ്രവർത്തനങ്ങൾ . രണ്ടക്ക സംഖ്യകളെ വിവിധ രീതിയിൽ വ്യാഖ്യാനിക്കൽ. രണ്ടക്ക സംഖ്യകൾ ഉപയോഗിച്ചുള്ള സങ്കലന വ്യവകലനക്രിയകൾ | ജൂൺ | | |
| മൂന്നക്ക സംഖ്യയുടെ വ്യാഖ്യാനം 100 മുതൽ 100 വീതം കൂടി 1000 വരെ എഴുതുന്നു. നിക്ഷേപം എന്നിവയെ കുറിച്ചുള്ള ധാരണ | മൂന്നക്ക സംഖ്യാ ബോധം, സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ. ക്ലാസ്സിൽ ഒരു കട - പ്രർത്തനം. പാറ്റേൺ നിർമ്മാണം | ജൂലൈ<br>ആഗസ്റ്റ് | | |
| ചുറ്റുപാടുമുള്ള രൂപങ്ങളിൽ നിന്നും ചതുരം, ത്രികോണം, വൃത്തം | വിവിധ രൂപങ്ങൾ പരിചയപ്പെടൽ. ചതുരം, ത്രികോണം, വൃത്തം എന്നിവ ചേർത്ത് രൂപങ്ങൾ നിർമ്മാണം | സെപ്തംബർ | | |

| | | | | |
|---|---|---|---|---|
| തരംതിരിക്കുന്നു<br><br>സംഖ്യാ പാറ്റേണുകൾ വിശകലനം ചെയ്യുന്നതിലൂടെ സംഖ്യകൾ തമ്മിലുള്ള ബന്ധം കണ്ടെത്തി വിശദീകരിക്കുന്നതിന് | വിവിധതരം പാറ്റേൺ ഉപയോഗപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ, ഗുണനവസ്തുതകൾ രൂപീകരിക്കുന്നു. അവ പട്ടികപ്പെടുത്തുന്നു. വിവിധ തരം ഗണിതകേളികളിൽ ഏർപ്പെടൽ | ഒക്ടോബർ | | |
| ക്ലോക്ക്, കലണ്ടർ എന്നിവയെക്കുറിച്ചുള്ള അറിവ് നേടൽ. | ക്ലോക്ക് പരിചയപ്പെടൽ, സമയവുമായി ബന്ധപ്പെട്ട ഗണിതാശയ രൂപീകരണങ്ങൾ നടത്തുന്നു<br>മൂന്നക്ക സംഖ്യകൾ വ്യാഖ്യാനിക്കുന്നു. ഗണിത തന്ത്രങ്ങൾ ഉപയോഗിക്കൽ. | നവംബർ | | |
| പ്രായോഗിക പ്രശ്നങ്ങളിലൂടെ ഗണിത വസ്തുതകൾ കണ്ടെത്തുന്നു | Work sheet പ്രവർത്തനങ്ങൾക്ക് സാധ്യത ഒരുക്കൽ. ഹരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലേക്കുള്ള സൂചനാപ്രവർത്തനങ്ങൾ | ജനുവരി | | |

| | | | | |
|---|---|---|---|---|
| അളവ്, തൂക്കം എന്നിവയെക്കുറിച്ചുള്ള ധാരണഉണ്ടാക്കൽ | നീളം, ഉള്ളളവ് എന്നിവയുമായി ബന്ധപ്പെട്ട യൂണിറ്റുകൾ പരിചയപ്പെടുത്തുന്നു. പ്രായോഗികപ്രശ്നങ്ങൾ പരിഹരിക്കുന്നു. | ഫെബ്രുവരി | | |
| ഹരണം എന്ന ആശയം ഉറപ്പിക്കൽ | ഹരണക്രിയയുമായി ബന്ധപ്പെട്ട സംഖ്യാബന്ധങ്ങൾ കണ്ടെത്തി വിശദീകരിക്കുന്നു. | | | |
| ഭാരം എന്ന ആശയധാരണ ഉണ്ടാക്കൽ. യൂണിറ്റ് പരിചയപ്പെടുത്തൽ | ഭാരവുമായി ബന്ധപ്പെട്ട യൂണിറ്റ് പരിചയപ്പെടൽ, പ്രായോഗിക പ്രശ്നനിർദ്ധാരണം. ഭാരവുമായി ബന്ധപ്പെട്ട യൂണിറ്റുകൾ തമ്മിലുള്ള പരസ്പര ബന്ധം വിശദീകരിക്കൽ | മാർച്ച് | | |
| ചിത്രരൂപത്തിലുള്ള വിവരങ്ങളെ ആവശ്യത്തിനനുസരിച്ച് പട്ടികപ്പെടുത്തൽ | ചിത്രരൂപത്തിൽ നൽകിയിരിക്കുന്ന വിവരങ്ങൾ വിശദീകരിക്കൽ, പട്ടിക പൂർത്തിയാക്കൽ | | | |

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| To speak &write English without any mistakes | Pre test(To check the vocabulary and writing skills of pupil<br><br>To develop Listening skills and reading skills<br>Games, action songs<br>Hello English activitiesstories ,skit , coversation<br>English assembly.<br>English reading corner<br><br>Speaking skills<br>Identifying the rhyming words from the picture .<br>Identifying the action words from the text book.make simple sentences using the action words<br>Make simple description about the picture | June first week<br><br>Twice on a week<br><br>August to March | Class teacher | |

| | | | | |
|---|---|---|---|---|
| | Make sentences using<br>This ,That ,There is , There are ..etc<br>Growing sentences, picture reading, self introduction<br>_riddles | | | |

# ക്ലാസ് 4

# മേഖല :മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1)ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ<br>.പ്രീ ടെസ്റ്റ്<br><br>2)പഠനത്തിൽ മുന്നോക്കം നിൽക്കുന്നവർക്കുള്ള പിന്തുണ<br><br>3)വായനാശേഷി വളർത്തൽ | * **ഭാഷാ പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തൽ പരിശീലനം,സാമഗ്രികൾ ഒരുക്കൽ.**<br>* ഡയറി എഴുത്ത് ആരംഭം.<br><br>Lss ക്ലാസ്സ് ആരംഭം<br>ക്ലാസ്സ് ടെസ്റ്റ്<br><br>* ക്ലാസ്<br>* വായനക്കൂട്ടം<br>* ക്ലാസ് ലൈബ്രറി.<br>* സർഗ്ഗ വേള. വായിച്ച കഥ അവതരിപ്പിക്കൽ<br>* നാടകീകരണം<br><br>* നാടൻ ഭക്ഷണം - | ലക്ഷ്യം നേടും വരെ<br>ലക്ഷ്യം<br><br>ജൂൺ മുതൽ മാർച്ച് വരെ<br><br>വർഷത്തിൽ ഒന്ന് | SRG, ക്ലാസ് ടീച്ചർ<br><br>SRG , ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| | ഭക്ഷ്യമേള<br>* ക്ലാസ്സിൽ ഒരു സദ്യ. | | | |
| 4)പ്രാചീന നാടൻ പലഹാരങ്ങൾ / ഭക്ഷണ ശീലങ്ങൾ/ എന്നിവ പരിചയപ്പെടുത്തൽ | *ബാലമാസികകൾ വായിച്ച് അവതരിപ്പിക്കൽ | ഒക്ടോബർ<br>നവംബർ | SRG , ക്ലാസ് ടീച്ചർ | |
| 5)സർഗാത്മകമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിന്<br>.ബാലവേദി.. | പുസ്തകപരിചയം<br>* ഓണം പതിപ്പ് നിർമ്മാണം<br>കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക്. | ഡിസംബർ | | |
| 6)പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ പരിചയപ്പെടുന്നതിന് | ശിശുദിനം പതിപ്പ് തയ്യാറാക്കൽ. | ജനുവരി | | |
| 7)കേട്ട് കണ്ടറിഞ്ഞ കാര്യങ്ങൾ വിവരണാത്മകമായി അവതരിപ്പിക്കൽ | വീഡിയോ പ്രദർശനം. | ജൂൺ മുതൽ മാർച്ച് വരെ | | |
| 8)വടിവൊത്ത അക്ഷര രീതി പരിചയപ്പെ | *കഥയെഴുത്ത്<br>*കയ്യെഴുത്ത് മത്സരം | ഫെബ്രുവരി, | | |

| | | | | |
|---|---|---|---|---|
| ട്ടുന്നതിനും ശീലമാക്കുന്നതിനും<br><br>9)വായിച്ചറിഞ്ഞ കാര്യങ്ങൾ വ്യത്യസ്ത വ്യവഹാരരീതിയിൽ അവതരിപ്പിക്കൽ<br><br>10)ഭാഷാപഠനത്തിൻ്റെ ഭാഗമായി നേടിയ ശേഷികളുടെ അവതരണം | ചിത്ര കഥ പതിപ്പ് നിർമാണം<br><br>* ഉപകരണങ്ങളുടെ പ്രദർശനം.<br>* പഠനോത്സവം. | മാർച്ച് | | |

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| To speak &write English without any mistakes | Pre test(To check the vocabulary and writing skills of pupil<br><br>To develop Listening skills and reading skills<br>Games, action songs<br>Hello English activitiesstories ,skit, coversation<br>English assembly.<br>English reading corner<br><br>Speaking skills<br>Identifying the rhyming words from the picture .<br>Identifying the action words from the textbook.<br>Make simple sentences using the action words<br>Make simple description about the picture<br>Make sentences using This ,That ,There is , | June first week<br><br>Twice on a week<br><br>August to March | Class teacher | |

| | | | | |
|---|---|---|---|---|
| | There are ..etc Growing sentences, picture reading, self introduction _riddles | | | |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.ഗണിത പഠനം കളികളിലൂടെ രസകരമാക്കൽ<br><br>2)ഗണിതശാസ്ത്ര പഠനം രസകരമാക്കുന്നതിന് കര ചലന ശേഷീ വികാസം<br><br>3)ഗണിത പഠനം സുഗമമാക്കാൻ രസകരമാക്കാൻ പ്രവർത്തനം | ചതുഷ്ക്രീകൾ ഉറപ്പിക്കുന്നതിനും സംഖ്യാബോധം ഉറപ്പിക്കുന്നതിനും ആയി വിവിധതരം കളികളിൽ ഏർപ്പെടൽ. പാമ്പും കോണിയും ഡയസ് കളി ഠോ കളി കച്ചവടക്കളി ........<br><br>ഒറിഗാമിയിലൂടെ പഠനം ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം<br><br>ഗണിത ലാബ് നിർമ്മാണം(ഗണിത മൂല,ഗണിത പെട്ടി) ക്ലാസ് റൂം പ്രവർത്തനങ്ങളുടെ ഭാഗമായി നിർമ്മിക്കേണ്ട | ലക്ഷ്യം നേടുന്നത് വരെ<br><br>ടേമിൽ ഒന്ന് പ്രവർത്തനം<br><br>ജൂൺ മുതൽ | SRG, ക്ലാസ് ടീച്ചർ<br><br>ക്ലാസ് ടീച്ചർ , SRG | |

| | | | | |
|---|---|---|---|---|
| | വസ്തുക്കളുടെ ആവശ്യമായ ശേഖരം ഒരുക്കൽ | മാർച്ച് വരെ | | |
| 4)ഗണിത പഠനത്തിനാവശ്യമായ വസ്തുക്കളുടെ നിർമാണം ഗണിത ശില്പശാല | പാഠപുസ്തകത്തിലെ ആവശ്യമായരൂപങ്ങളും വസ്തുക്കളും നിർമ്മിക്കൽ.രക്ഷിതാക്കളുടെ സഹായത്തോടുകൂടി :അവയുടെ പ്രദർശനം | പി.ടി. എ | | |
| 5)ഗണിത മേള | ഗണിത ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ പ്രശ്നോത്തരി പസിൽ പാറ്റേൺ തുടങ്ങിയവയുടെ നിർമ്മാണവും പ്രദർശനവും | ക്ലാസ് ടിച്ചർ SRG | | |

| | | | | |
|---|---|---|---|---|
| | | | | |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരിസ്ഥിതി സൗഹാർദ്ദ മനോഭാവം വളർത്തിയെടുക്കുക | **പ്രകൃതി നടത്തം**<br>● ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം.<br>● പ്രത്യേകതകൾ മനസ്സിലാക്കാം.<br>● വിവിധ ആവാസ്യവ്യവസ്ഥകൾ അടുത്തറിയാം.<br>● ജീവികളുടെ പരസ്പരാശ്രിതത്വം ചർച്ച.<br>● നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം, സ്വയം തിരുത്താം.<br>● പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യൻറെ ചില ഇടപെടലുകൾ മനസ്സിലാക്കാം.<br>● തെറ്റും ശരിയും ചർച്ച ചെയ്യാം.<br>**പൂന്തോട്ടം ഒരുക്കാം**<br>● സ്കൂൾ പൂന്തോട്ടം | ജൂൺ – ഒക്ടോബർ | | |

| | | | | |
|---|---|---|---|---|
| വ്യക്തി<br>ശുചിത്വവും<br>പരിസര | പരിപാലിക്കൽ<br>● വീട്ടിൽ പൂന്തോട്ടം ഒരുക്കാം<br><br>**ഒരു തൈ നടാം**<br>● പരിസ്ഥിതി ദിനത്തോടനുബന്ധിച്ച്<br><br>വൃക്ഷത്തൈ നടൽ.<br>● നട്ട വൃക്ഷ തൈ പരിപാലിക്കൽ<br>**പോസ്റ്റർ നിർമ്മാണം**<br>● പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ.<br>● പരിസരങ്ങളിൽ പതിക്കൽ.<br>**ദാഹജലം**<br>● പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം.<br>**ദിന കൃത്യങ്ങൾ**<br><br>● ഓരോ ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചയിലൂടെ ഉറപ്പാക്കുന്നു.<br>● കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും | ജൂൺ – മാർച്ച്<br><br>ജൂൺ – മാർച്ച്<br><br>ജൂൺ<br><br>മാർച്ച് - മെയ്<br><br>ജൂൺ – മാർച്ച് | | |

| | | | | |
|---|---|---|---|---|
